# <u>യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്</u>

## <u>ആഭ്യന്തര ഓഡിറ്റ് വിഭാഗം (ഫിനാൻസ് ബ്രാഞ്ച്)</u>

### <u>ഓഡിറ്റ് റിപ്പോർട്ട് CCSIT CU CAMPUS</u>

33910/FIN-INT.AUDIT-2/2018/Fin
17.10.2018

ഫിനാൻസ് ഓഫീസറുടെ ഉത്തരവിനനുസരിച്ച ആഭ്യന്തര ഓഡിറ്റ് വിഭാഗം 18.9.2018 , 19.9.2018 എന്നീ തിയ്യതികളിൽ CCSIT യൂണിവേഴ്സിറ്റി ക്യാമ്പസ്സിൽ കണക്കുപരിശോധന നടത്തിയിരുന്നു.അതിന്റെ കണ്ടെത്തലുകൾ താഴെ കൊടുക്കുന്നു:-

ഓഡിറ്റ് വിങ് ടീം :

സെക്ഷൻ ഓഫീസർ **:രജനീദേവി പി.കെ.**

അസ്സിസ്റ്റന്റ്സ് **:സത്യനേശൻ.സി**
**മനോജ്കുമാർ.ടി**

ചീഫ് കോഓർഡിനേറ്റർ **:ലജിഷ് V.L.**

അസിസ്റ്റന്റ് രജിസ്ട്രാർ **:ഹാരിസ് .ടി.എം**

സെക്ഷൻ ഓഫീസർ **;രാജേഷ് .R.L.**

അസ്സിസ്റ്റന്റ്സ് **:രാധ.R**
**സനൽ ഗോപിനാഥ്**

**അഡ്മിഷൻ രജിസ്റ്റർ :**MSc Computer Science, MCA കോഴ്സുകളാണ് ഈ സ്ഥാപനത്തിൽ നടത്തുന്നത് .Msc,4 സെമെസ്റ്ററും MCA 6 സെമസ്റ്റർ ആയിട്ടാണ് നടത്തുന്നത്.2018 ൽ Msc ക്കു 14 കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട് .പ്രവേശനം തുടരുന്നു.MCA ക്കു 32 കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്.

**ഫീസ് ഘടന :** Msc - 18000/sem.

MCA - 20,000/sem.

പ്രവേശന ഫീസ്--10,000/-

കോഷൻ ഡെപ്പോസിറ്റ-1000/-

സ്പെഷ്യൽ ഫീസ് -1145

a)പ്രവേശനം കഴിയുന്ന മുറക്ക് സ്ഥാപനത്തിന്റെ മേധാവി രജിസ്റ്റർ പരിശോധിച്ച സാക്ഷ്യപ്പെടുത്തി ഒപ്പും മുദ്രയും പതിച്ചതായി കാണുന്നില്ല

b)സ്പെഷ്യൽ ഓർഡർ പ്രകാരം അഡ്മിഷൻ നേടിയ 2018 MCA ബാച്ചിലെ ഒരു കുട്ടിയുടെ ഓർഡർ നംബർ, മറ്റു വിവരങ്ങൾ എന്നിവ അഡ്മിഷൻ രെജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

**ബാങ്ക് സ്റ്റേറ്റ്മെന്റ്:** സ്ഥാപനത്തിലെ ദിവസേനയുള്ള പണമിടപാടുകൾ SBI കാലിക്കറ്റ് യൂണിവേഴ്സിറ്റി ശാഖയിലെ A/c No.57018247834 എന്ന അക്കൗണ്ട് വഴിയാണ് നടത്തുന്നത് .30.8.2018ലെ ബാങ്ക് സ്റ്റെമെന്റിലെ നീക്കിയിരിപ്പ് Rs. 563595 ആണ് .ക്യാഷ് ബുക്കിൽ പ്രസ്തുത ഡേറ്റിൽ Rs.543652ആണ് നീക്കിയിരിപ്പ് .19943 രൂപയുടെ വ്യത്യാസം കാണുന്നുണ്ട്.ഇത് ഐക്യപ്പെടുത്തിയിട്ടുണ്ട് .

**ക്യാഷ് ബുക്ക്:**സ്ഥാപനത്തിലെ വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട് . ചെക്ക് Nos.858421,858422 എന്നീ ചെക്കുകൾ തെറ്റായിട്ടാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് . ചെകിന്റെ സ്ലിപ്പിൽ തുക 825 എന്നും ക്യാഷ് ബുക്കിൽ 805 എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത് .ഇത് വിശദീകരിക്കേണ്ടതാണ് .ചെക്ക് No.858430 ,Rs.1000,തിയതി 24.5.2016 ഇതിന്റെ വിവരങ്ങൾ ചെക്ക് സ്ലിപ്പിൽ

രേഖപ്പെടുത്തിയിട്ടില്ല .പക്ഷെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**ഇ-ഗ്രാന്റ്സ് രജിസ്റ്റർ:** വിദ്യാർഥികൾക്ക് നല്കുന്ന, ഇ-ഗ്രന്റ്സിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ഇ-ഗ്രാന്റ്സ് രെജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ് **.പക്ഷെ സ്ഥാപനത്തിൽ ഇതിനുള്ള റജിസ്റ്റർ സൂക്ഷിക്കുന്നില്ല.** പ്രസ്തുത രജിസ്റ്റർ ഉടനെ തുടങ്ങേണ്ടതാണ് .

**ചെക്ക് രജിസ്റ്റർ :**സ്ഥാപനത്തിൽ നിന്നും കൊടുക്കുന്ന ചെകിന്റെ വിവരങ്ങൾ പ്രസ്തുത രെജിസ്റ്ററിൽ രേഖപെടുത്തുന്നുണ്ട് 858361എന്ന നമ്പറിലുള്ള ചെക്ക് ക്യാൻസൽഡ് ചെക്ക് ആയിട്ടാണ് ചെക്ക് സ്ലിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പക്ഷെ ചെക്ക് രെജിസ്റ്ററിൽ ഇത് കൊടുത്തുതതായിട്ടു രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനു വിശദീകരണം നൽകേണ്ടതാണ്. ചെക്ക് രജിസ്റ്റർ തുടങ്ങിയതുപോലെ അല്ല ഇപ്പോൾ സൂക്ഷിക്കുന്നത് .പല വിവരങ്ങളും അപൂർണ്ണമാണ്.

**കോഷൻ ഡെപ്പോസിറ്റ രജിസ്റ്റർ:** കോഷൻ ഡെപ്പോസിറ്റ റെജിസ്ററിൽ വിദ്യാർഥികളിൽനിന്നും സ്വീകരിക്കുന്ന CD തുകയുടെയും തിരികെനൽകുന്നതിന്റെയും വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല .2010 മുതലുള്ള കുട്ടികളുടെ വിവരങ്ങൾ പ്രസ്തുത രെജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് .എന്നാൽ കുട്ടികൾക്ക് തുക തിരിച്ചു കൊടുക്കുന്നത് രെജിസ്റ്ററിൽ ഒപ്പു വെച്ചിട്ടല്ല എന്നും മേലധികാരി സാക്ഷ്യപ്പെടുത്തി ഒപ്പും മുദ്രയും വെക്കുന്നില്ല എന്നും കാണുന്നു.

CCSIT തിരൂർ എന്ന പേരിൽ 20 കുട്ടികളുടെ കോഷൻ ഡെപോസിറ്റിന്റെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട് .പക്ഷെ 9 കുട്ടികൾക്ക് കോഷൻ ഡെപ്പോസിറ്റ തിരിച്ചു കൊടുത്തതായിട്ടു കാണുന്നില്ല.2012 അഡ്മിഷൻ MSc.കുട്ടികളുടെ കോഷൻ ഡെപോസിറ്റിനെ സംബന്ധിച്ച വിവരങ്ങൾ രെജിസ്റ്ററിൽ രേഖപ്പെടുത്തിയതായികാണുന്നില്ല.കോഷൻ ഡെപ്പോസിറ്റ ഇനത്തിൽ 2010 മുതൽ 2018 വരെയുള്ള കാലയളവിൽ ഏകദേശം 50,000,00 മുകളിൽ തുക തിരിച്ചു നല്കാനുള്ളതായി കാണുന്നു.പഠനം കഴിഞ്ഞു TC വാങ്ങിപോയി 3 വര്ഷം കഴിഞ്ഞിട്ടും ആവശ്യപ്പെടാത്ത തുക യൂണിവേഴ്സിറ്റിയുടെ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. 2010 നു മുൻപുള്ള കോഷൻ ഡെപ്പോസിറ്റ ഇനത്തിലും മറ്റിനങ്ങളിലുമുള്ള തുക പ്രത്യകം കണക്കാക്കി യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

**ഇങ്കുംബെന്റ് രജിസ്റ്റർ:** സ്ഥാപനത്തിൽ ജോലി ചെയത ഉദ്യോഗസ്ഥന്മാരുടെയും നിലവിലുള്ള ഉദ്യോഗസ്ഥന്മാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.പ്രസ്തുത രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

**ഉത്തരക്കടലാസ് രജിസ്റ്റർ:** പ്രസ്തുത രജിസ്റ്റർ ക്യത്യമായി സൂക്ഷിക്കുന്നില്ല.സ്റ്റോക്കിൽ നിന്നും ഓരോ പരീക്ഷക്കും നൽകിയതും ഉപയോഗിച്ചതും ബാക്കിവന്നതുമായ കണക്കുകൾ വിശദമായി രേഖപ്പെടുത്തുന്നില്ല.അതുപോലെ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തി ഒപ്പും മുദ്രയും വെക്കുന്നില്ല.

17.9.2018 ൽ **CY സീരിസിൽ 567** മെയിൻ ഷീറ്റും **SX സീരിസിൽ 497** അഡിഷണൽ ഷീറ്റും ഉള്ളതായിട്ടു കാണുന്നു.

**P A രജിസ്റ്റർ: 5000** രൂപയാണ് സ്ഥാപനത്തിന് അനുവദിച്ചിരിക്കുന്ന അഡ്വാൻസ് തുക .ഇതിന്റെ ധനവിനിയോഗം രെജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് .

**TR-5 രസീത് & രജിസ്റ്റർ :**സ്ഥാപനത്തിൽ ഇത് രണ്ടും ഉപയോഗിക്കുന്നില്ല .കുട്ടികളോട് നേരിട്ട് ഫീസ് വാങ്ങിക്കുന്നില്ല.

CU CAMPUS — Suresh K.K

6.10.2018 — FINANCE OFFICER